**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ അർഷാദ് റ്റി സി (Dr Arshad T C, PEN 517844), അസിസ്റ്റന്റ് സർജൻ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. A5/6165/2020/ജിമെആ കണ്ണൂർ തീയതി 02.06.2020
2. കാരണം കാണിക്കൽ നോട്ടീസ് ഇഎ4- 34000/2020/ആവഡ തീയതി 19.02.2021
3. ഡോ അർഷാദ് റ്റി സി (Dr Arshad T C)സമർപ്പിച്ച ഇമെയിൽ തീയതി 05.04.2021
4. കത്ത് നം ഇഎ4- 34000/2020/ആവഡ തീയതി 25.03.2022
5. കാരണം കാണിക്കൽ നോട്ടീസ് DHS/10000/2025-EA4 തീയതി 14.08.2025
6. DMOH-KNR/682/2023-A5 തീയതി 18.09.2025
7. ഡോ അർഷാദ് റ്റി സി (Dr Arshad T C)സമർപ്പിച്ച ഇമെയിൽ തീയതി 30.8.2025, 26.08.2025
8. എം2/268/2024/ഹെൽത്ത് തീയതി 27.05.2024
9. എ2/411/2024/ഹെൽത്ത് തീയതി 23.12.2024

**ഉത്തരവ് നം. DHS/10000(7)/2025-EA4 തീയതി.01-01-2026**

ഡോ അർഷാദ് റ്റി സി (Dr Arshad T C), 25.03.2013 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കണ്ണൂർ കൂത്തുപറമ്പ താലൂക്ക് ആശുപത്രിയിൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ / അസിസ്റ്റന്റ് സർജൻ

തസ്തികയിൽ സേവനത്തിലിരിക്കവെ 27.02.2020 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്ന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർ പ്പിച്ചതിനാൽ തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് താല്പര്യപ്പെടുന്നുവെങ്കിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന പ്രവണത ആവർത്തിക്കുകയില്ലെന്നും അച്ചടക്ക നടപടിയ്ക്കു വിധേയമായി തിരികെ സേവനത്തിൽ പ്രവേശിക്കാമെന്നും നിശ്ചിത മാതൃകയിൽ രേഖപ്പെടുത്തിയ ബോണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം 15 ദിവസത്തിനകം ലഭ്യമാക്കുന്നതിനും അല്ലാത്ത പക്ഷം പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നും പരാമർശം (3) പ്രകാരം അറിയിപ്പ് നൽകിയിരുന്നെങ്കിലും ടിയാൾ പ്രതികരിച്ചിട്ടില്ല. ഡോ അർഷാദ് റ്റി സി അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിനാൽ പരാമർശം (5) പ്രകാരം വീണ്ടും കാരണം കാണിക്കൽ നോട്ടീസ് നൽകി. പരാമർശം (7) പ്രകാരം ഡോ അർഷാദ് റ്റി സി (Dr Arshad T C) ടി നോട്ടീസിന് 30.08.2025 തീയതിയിൽ മറുപടി ലഭ്യമാക്കി. 27.02.20 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതാണെന്നും തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് സമർപ്പിക്കേണ്ട ബോണ്ട് 16.09.20 മുതൽ ആണ് പ്രാബല്യത്തിൽ വന്നതെന്നും ആയതിനാൽ ടി ബോണ്ടിലെ വ്യവസ്ഥ ബാധകമല്ലെന്നും ഇനി 6 വർഷം സർവീസ് ഉള്ളതായും സ്വയം സാക്ഷ്യപ്പെടുത്തിയ ബോണ്ട് സമർപ്പിച്ച് തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരുന്നു.

(2). ഡോ അർഷാദ് റ്റി സി (Dr Arshad T C) സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. വ്യക്തിപരമായ കാരണങ്ങളാലാണ് ടിയാൾ സേവനത്തിൽ നിന്നും വിട്ടു നിന്നതെന്ന് കാണുന്നു. അവധി അനുവദിച്ച് ഉത്തരവാകാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നത് ടിയാളുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതിനെ ന്യായീകരിക്കുന്നതിനാവശ്യമായ വാദമുഖങ്ങൾ ഉന്നയിക്കുന്നതിന് ടിയാൾക്ക് കഴിഞ്ഞിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന

പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ജീവനക്കാർക്ക് തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് പരാമർശം (8) പ്രകാരം സർക്കാർ അവസരം നൽകിയിരുന്നതാണ്. പ്രസ്തുത അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നില്ല. തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരം സമർപ്പിക്കേണ്ട ബോണ്ട് സമർപ്പിക്കുന്നത് ടിയാൾക്ക് ബാധകമല്ലെന്നും അപേക്ഷയിൽ പരാമർശിച്ചിരുന്നു. ടി സാഹചര്യത്തിൽ പരാമർശം (7) പ്രകാരം ഡോ അർഷാദ് റ്റി സി **(Dr Arshad T C)** സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ **27.02.2020** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ അർഷാദ് റ്റി സി **(Dr Arshad T C)** കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറുടെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(3).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ അർഷാദ് റ്റി സി **(Dr Arshad T C)** കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ / അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 01-01-2026 10:23:19

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Arshad T C,**

**Dhanha, Choyadan Road,**

**$4^{th}$ mail, Kannur- 670641.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കണ്ണൂർ
3. സൂപ്രണ്ട്,
താലൂക്കാശുപത്രി കൂത്തുപറമ്പ കണ്ണൂർ.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ